സ്ഥലം മാത്രമാണ് കമ്പനി ഉപയോഗിക്കുന്നത്. പാട്ട വ്യവസ്ഥകൾ ലംഘിക്കുകയും ഭൂമി അവർ കൈവശപ്പെടുത്തുകയും ചെയ്തതിന് എതിരായി സർക്കാർ ശക്തമായ നടപടി സ്വീകരിച്ചതിന്റെ ഫലമായി 45.43 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തു. ഇതിൽ 30 ഏക്കർ ഭൂമി ഗവൺമെന്റിന്റെ കയ്യിൽ വന്നുകഴിഞ്ഞു. ആ 30 ഏക്കർ സ്ഥലം സംസ്ഥാന ഐ.ടി. പാർക്കിനായി ഗവൺമെന്റ് ഇതിനകംതന്നെ നൽകുകയും ഈ 30 ഏക്കറിൽ പ്രശസ്തമായ പല ഐ.ടി. കമ്പനികളുടെയും പ്രവർത്തനമാരംഭിക്കുകയും ചെയ്തു. വരുന്ന ജനുവരിമാസം 22-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുറച്ചുകൂടി കമ്പനികൾ അവിടെ ഉദ്ഘാടനം ചെയ്യുകയാണ്. അപ്പോൾ ഒന്നുകൂടി ആ സ്ഥലത്തിന്റെ പ്രാധാന്യം വർദ്ധിക്കുന്നു. ഏറ്റെടുത്ത 45.43 ഏക്കറിൽ 30 ഏക്കർ മാത്രമേ നമുക്ക് കിട്ടിയിട്ടുള്ളൂ. ബാക്കി 15.43 ഏക്കറിന് വീണ്ടും ഈ കമ്പനി ഹൈക്കോടതിയിൽ കേസ്സ് കൊടുക്കുകയും ഒട്ടേറെ നിയമപ്രശ്നങ്ങളുണ്ടാക്കുകയുമാണ്. എന്നാലും കേസ്സിൽ നല്ലവണ്ണം ഗവൺമെന്റ് ഇടപെട്ടിട്ടുണ്ട്. ഗവൺമെന്റിന് അനുകൂലമായി വിധി വരും. ഈ സ്ഥലം നമുക്ക് ലഭ്യമാകും. കമ്പനിക്ക് ഇത്രയും സ്ഥലം ആവശ്യമില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. നമ്മുടെ പോയിന്റ്സ് എല്ലാം കോടതി അംഗീകരിച്ചു കഴിഞ്ഞു. അതുകൊണ്ടാണ് 30 ഏക്കർ സ്ഥലം നമുക്ക് അനുകൂലമായി കിട്ടിയത്. പിന്നെ അവർ കൊടുത്ത കേസ്സാണ്. സെയിം കേസ്സായതുകൊണ്ട് ഗവൺമെന്റിന് അനുകൂലമായിട്ടേ വരികയുള്ളൂ. അതുകൂടി കിട്ടുന്ന മുറയ്ക്ക് കമ്പനിക്ക് ആവശ്യമുള്ള ഭൂമി മാറ്റിവച്ച് ബാക്കിയുള്ള ഭൂമികൂടി ഏറ്റെടുക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബസ് സ്റ്റാന്റിനും ഷോപ്പിംഗ് കോംപ്ലക്സിനും പഞ്ചായത്തിന്റെ പൊതു വികസന പ്രവർത്തനത്തിനും ആവശ്യമായ അഞ്ച് ഏക്കർ ഭൂമി ലഭ്യമാക്കണമെന്ന് ഗ്രാമപഞ്ചായത്തും എം.എൽ.എ.യും ആവശ്യപ്പെട്ടിട്ടുണ്ട്. രണ്ട് ഏക്കർ ഭൂമി ഈ ആവശ്യത്തിനുവേണ്ടി പഞ്ചായത്തിന് കൈമാറാൻ കഴിയുമോയെന്നാണ് പരിശോധിക്കുന്നത്. ആ രണ്ട് ഏക്കറിൽനിന്നുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ അവിടെ നടത്തേണ്ടത് ആവശ്യമാണ്. അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(20) കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കൽ

<u>ശ്രീ. ആർ. സെൽവരാജ്</u> : സർ, നെയ്യാറ്റിൻകര താലൂക്കിൽ നെയ്യാർ ജലാശയത്തിന്റെ കരയിൽ താമസിക്കുന്ന കർഷകരുടെ കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കണമെന്നതാണ് എന്റെ സബ്മിഷൻ. നെയ്യാർ ജലാശയത്തിന്റെ കരയിൽ വർഷങ്ങളായി കൃഷിചെയ്തും കൈവശം വച്ച് അനുഭവിച്ചും വീടുവച്ചും താമസിക്കുന്ന കൃഷിക്കാർക്ക് പട്ടയം ലഭിക്കണമെന്ന ആവശ്യത്തിന് അനേക വർഷത്തെ പഴക്കമുണ്ട്. വാഴിച്ചൽ, അമ്പൂരി, കള്ളിക്കാട് വിളവൂർക്കൽ തുടങ്ങിയ കളിലെ അഞ്ചുചങ്ങല പ്രദേശം അടങ്ങിയതാണ് പ്രസ്തുത സ്ഥലം. ബഹുമാനപ്പെട്ട റവന്യു വകുപ്പുമന്ത്രി സ്ഥലം സന്ദർശിക്കുകയും കൃഷിക്കാരും

LIBRARY ARCHIVES Kerala Legislative Assembly

ജനപ്രതിനിധികളുമായി ചർച്ച നടത്തി പട്ടയം നൽകാൻ നടപടി സ്വീകരിക്കുമെന്ന് ഉറപ്പുകൊടുക്കുകയും ചെയ്തതാണ്. നടപടിക്കായി സ്പെഷ്യൽ ഓഫീസറേയും നിയമിച്ചു. പക്ഷേ നടപടികൾ നീങ്ങുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് പട്ടയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, നെയ്യാറ്റിൻകര താലൂക്കിലെ നെയ്യാർ ഡാം, അഞ്ചുചങ്ങല പ്രദേശം ഉൾക്കൊള്ളുന്ന അമ്പൂരി, വാഴിച്ചൽ, കള്ളിക്കാട് വില്ലേജുകളിലെ കൈവശക്കാർക്ക് പട്ടയം നൽകുന്ന നടപടിക്കായി 8-1-2010-ൽ ചേർന്ന യോഗ തീരുമാനപ്രകാരം ഒരു ഡെപ്യൂട്ടി തഹസീൽദാരും രണ്ട് ഫസ്റ്റ്ഗ്രേഡ് സർവ്വേയർമാരും ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ ഓഫീസ് കള്ളിക്കാട് ആസ്ഥാനമായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസിന്റെ പ്രവർത്തന ഫലമായി റിക്കാർഡുകൾ പരിശോധിച്ചതിൽ കുത്തകപാട്ട രജിസ്റ്റർ പ്രകാരം അമ്പൂരി വില്ലേജിൽ 179 കുത്തക പാട്ട കേസ്സുകളും അതിൽ 510-ഓളം കൈവശക്കാരുമുള്ളതായി കാണുന്നു. വാഴിച്ചൽ വില്ലേജിൽ 195 കുത്തകപാട്ട കേസ്സുകളും അതിൽ 450-ഓളം കൈവശക്കാരും കള്ളിക്കാട് വില്ലേജിൽ ആറ് കുത്തകപാട്ട കേസ്സുകളും അതിൽ 150-ഓളം കൈവശക്കാരുമുള്ളതായി അറിയുന്നു. ആകെ റിക്കാർഡ് ഹാജരാക്കിയ 857 പേരിൽ 540 പേർ കുത്തകപാട്ട രേഖയുള്ളവരും 317 പേർ വസ്തു കൈവശമുള്ളവരും എന്നാൽ യാതൊരുവിധ രേഖകളും കൈവശത്തിൽ ഇല്ലാത്തവരുമാണ്. അമ്പൂരി, വാഴിച്ചൽ, കള്ളിക്കാട് വില്ലേജുകൾ ഉൾപ്പെടുന്ന ഈ പ്രദേശം ഇറിഗേഷൻ, വനം വകുപ്പുകളുടെ വകയായിട്ടുള്ള സ്ഥലമാണ്. റിക്കാർഡുകൾ ഹാജരാക്കിയ കേസ്സുകളിൻമേൽ തുടർ നടപടികളായ സർവ്വേ ആരംഭിക്കുവാൻ ജില്ലാ സർവ്വേ സൂപ്രണ്ടുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. ജനുവരി 31-നുള്ളിൽ അർഹതപ്പെട്ടവർക്ക് നിയമാനുസൃതം പട്ടയം കൊടുക്കാനും അതിന് കഴിയാത്തവർക്ക് കൈവശ രേഖ കൊടുക്കാനും കഴിയുമോയെന്നാണ് ഗവൺമെന്റ് പരിശോധിക്കുന്നത്. ഇതിന് ഇറിഗേഷൻ, വനം വകുപ്പുകളുടെ അനുമതി കൂടി ആവശ്യമാണ്. അതിനുള്ള നടപടിയാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

(21) മൺപാത്ര തൊഴിലാളികളെ ഐഡന്റിഫൈ ചെയ്യാൻ നടപടി

ശ്രീമതി ജെ. അരുന്ധതി: സർ, എൽ.ഡി.എഫ്. സർക്കാർ പാവപ്പെട്ട ജനവിഭാഗത്തിനായി അനുവദിച്ച രണ്ട് രൂപ റേഷൻ വിഹിതം മൺപാത്ര നിർമ്മാണത്തൊഴിലാളികളെപ്പോലെ കച്ചവടത്തൊഴിലാളികൾക്കുകൂടി അനുവദിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ മൺപാത്രനിർമ്മാണത്തൊഴിലാളികളെ ഐഡന്റിഫൈ ചെയ്യാൻ നിലവിലുള്ള സംവിധാനത്തിന് കഴിയാത്തതിനാൽ പല ജില്ലകളിലും ഈ വിഭാഗം തൊഴിലാളികൾക്ക് രണ്ട് രൂപയ്ക്കുള്ള അരി ലഭിക്കുന്നില്ല. മൺപാത്രനിർമ്മാണത്തൊഴിലാളികളെ ഐഡന്റിഫൈ ചെയ്യുന്നതിനായി പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly